# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## പാലക്കാട്ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 20/2020(39),ചൊവ്വാഴ്ച | തീയ്യതി 12.05.2020

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 13.05.2020 | 14.05.2020 | 15.05.2020 | 16.05.2020 | 17.05.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 4 | 6 | 8 | 10 | 5 |
| ഉയർന്ന താപനില (°C) | 38 | 38 | 38 | 38 | 38 |
| കുറഞ്ഞ താപനില (°C) | 27 | 27 | 27 | 27 | 27 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 88 | 88 | 88 | 88 | 88 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 54 | 54 | 54 | 54 | 54 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 8 | 10 | 10 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 270 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 7 | 8 | 8 | 8 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത..വൈക്കോൽ,കൊപ്ര,അടയ്ക്ക മുതലായവ മഴ നനയാതെ സൂക്ഷിക്കുക.**മണ്ണിൽ ഈർപ്പം നിലനിർത്താൻ പുതയിടുക.

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:**വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| തെങ്ങ് | കൊമ്പൻചെല്ലി | തെങ്ങിന്റെ മണ്ട നന്നായി വൃത്തിയാക്കിയ ശേഷം250 ഗ്രാം വേപ്പിൻ പിണ്ണാക്ക് തുല്ല്യ അളവിൽ നേർത്ത മണലുമായി (250 ഗ്രാം)ചേർത്ത് കൂമ്പോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ ഇലക്കവിളുകളിൽ നന്നായി നിറക്കുക. വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും ഇത് ആവർത്തിക്കേണ്ടതാണ്.(ജനുവരി,മെയ്,സെപ്റ്റംബർ,ഒക്ടൊബർ)അല്ലെങ്കിൽ നാഫ്തലിൻ/പാറ്റഗുളികകൾ 120 ഗ്രാം (ഏശദേശം 4 എണ്ണം)45 ദിവസത്തിലൊരിക്കൽ കൂമ്പോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ ഇലക്കവിളുകളിൽ നേർത്ത മണലോടുകൂടി മൂടുകയും ചെയ്യാം.അല്ലെങ്കിൽ വളം കുഴികളിൽ മെറ്റാറൈസിയം അനൈസൊപ്ളിയേ(250 മി.ല്ലി. മെറ്റാറൈസിയം കൾച്ചർ+750 മി ല്ലി. വെള്ളം ) തളിക്കുക. |
| ജാതി | ഇല പൊഴിച്ചിൽ | ജാതിയിൽ ഇലപൊഴിച്ചിൽ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| വാഴ | പിണ്ടിപ്പുഴു | വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണത്തിന് മുൻകരുതലായി 50 ഗ്രാം വേപ്പിൻപിണ്ണാക്ക് പൊടിച്ചത് ഇലക്കവിളുകളിൽ ഇട്ടുകൊടുക്കാവുന്നതാണ്. |
| ഇഞ്ചി, മഞ്ഞൾ | - | ഇഞ്ചിയും മഞ്ഞളും നടുന്ന സമയമാണ്. മൂട് ചീയൽ രോഗം തടയുന്നതിനായി വിത്തിഞ്ചി 0.3% മാങ്കോസെബ്/സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക |
| പച്ചക്കറികൾ | - | പച്ചക്കറികൾ നടുമ്പോൾ മണ്ണിൽ സ്യൂഡോമോണാസ് കൾച്ചർ ചേർക്കുന്നതു വഴി കുമിൾരോഗങ്ങൾ ഒരു പരിധി വരെ തടയാവുന്നതാണ് |